# ഭരണഭാഷ - മാതൃഭാഷ

നം. എ6/5026 /2020

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,
കോട്ടയം, തീയതി 22 .07.2020

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
കോട്ടയം

എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,കോട്ടയം ജൂനിയർ - സീനിയർ അനോമലി പരിഹരിച്ച നൽകുന്നത് - സംബന്ധിച്ച്:-

സൂചന: 1. 02.07.2020 തീയതിയിലെ യു ജി സി സെൽ3/1150/20/കോ വി വ നമ്പർ കത്ത്
2. 24.6.2020 തീയതിയിലെ ഡി1/242/2019/ഉ വി വ നമ്പർ സർക്കാർ കത്ത്

സൂചന കത്തുകളിൽലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. യു ജി സി 6-ാം സ്കീം പ്രകാരം പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതു മൂലം താങ്കളുടെ കോളേജിലെ ഏതെങ്കിലും അധ്യാപകന് ഇവരുടെ സീനിയറായ ( ഡിപ്പാർട്ട്മെന്റ് കണക്കാക്കാതെ) അധ്യാപകനേക്കാൾ ഉയർന്ന ശമ്പളം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്ന നിർദ്ദിഷ്ട മാതൃകയിൽ 05.08.2020 - ന് മുമ്പായി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ

ഡോ. കെ എൻ കൃഷ്ണകുമാർ

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

## പ്രൊഫോർമ

| ക്രമ നമ്പർ | അദ്ധ്യാപകരുടെ വിവരങ്ങൾ | സർവ്വീസിൽ പ്രവേശിച്ച തീയതി | പിഎച്ച് ഡി നേടിയ തീയതി | ജൂനിയർ അദ്ധ്യാപകൻ പി എച്ച് ഡി ബിരുദം കരസ്ഥമാക്കിയ തീയതിയിലെ ജൂനിയറിന്റേയും, സീനിയറിന്റേയും ശമ്പളം (അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാതെ) | അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിനു ശേഷമുള്ള ജൂനിയറിന്റേയും, സീനിയറിന്റേയും ശമ്പളം (ജൂനിയറിന് 2 അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചും, സീനിയറിന് സ്റ്റെപ് അപ് നൽകിയുമുള്ളത്) (തീയതി വ്യക്തമാക്കേണ്ടതാണ്) | സീനിയറിന്റെ ആകെ ശമ്പളത്തിലുള്ള വ്യത്യാസം പേ, എ ജി പി, ഡി എ, എച്ച് ആർ എ ഉൾപ്പെടെ കണക്കാക്കിയത് (അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കാത്തതിന് മുമ്പും അനുവദിച്ചതിനു ശേഷവുമുള്ള വ്യത്യാസം ഒരുമാസത്തേക്ക് | കോളം 7 പ്രകാരം തുടർന്നു വരുന്ന വാർഷിക ഇൻക്രിമെന്റ് ഉൾപ്പെടെ 2020 ജൂൺ 30 വരെ കണക്കാക്കിയ ആകെ തുക |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ജൂനിയർ അദ്ധ്യാപകന്റെ പേര് (ഡിപ്പാർട്ട്മെന്റ്) | | | | | | |
| 2 | സീനിയർ അദ്ധ്യാപകന്റെ പേര് (ഡിപ്പാർട്ട്മെന്റ്) | | | | | | |

വിശ്വസ്തതയോടെ

(ഒപ്പ്)

ഡോ. കെ. എൻ കൃഷ്ണകുമാർ
കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, കോട്ടയം

"ഭരണഭാഷ മാതൃഭാഷ"

UGC CELL3/1150/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം-33

തീയതി: 02.07.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്,
കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - യു. ജി. സി. സെൽ - ജൂനിയർ-സീനിയർ അനോമലി പരിഹരിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 24-06-2020 ലെ ഡി1/242/2019/ഉ.വി.വ. നമ്പർ സർക്കാർ കത്ത്.

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ജൂനിയർ - സീനിയർ അനോമലി പരിഹരിച്ച് നൽകുന്നതിന് വ്യത്യസ്ഥമായ ഡിപ്പാർട്ട്മെൻറിലുള്ള അദ്ധ്യാപകരെ പരിഗണിച്ചാലുണ്ടാകുന്ന ഏകദേശ സാമ്പത്തിക ബാധ്യത ലഭ്യമാക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ആയത് അടിയന്തിരമായി ലഭ്യമാക്കണമെന്ന് അറിയിക്കുന്നു. സൂചന കത്തിൻറെ പകർപ്പ് കൂടി ഉൾപ്പെടുത്തുന്നു.

ഉള്ളടക്കം : മേൽപ്പടി.

Approval Valid

Digitally Approved By
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
Date: 02.07.2020
Reason: Approved

വിശ്വസ്തതയോടെ
ഒപ്പ് /-
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
അഡിഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു
വേണ്ടി

## File No.HEDN-D1/242/2019-HEDN

29/6/20

LC

MOST IMMEDIATE pl

25 JUN 2020
150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (ഡി1) വകുപ്പ്
24/06/2020, തിരുവനന്തപുരം

നമ്പർ.ഡി1/242/2019/ഉവിവ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ആലപ്പുഴ എസ്.ഡി.കോളേജ് അദ്ധ്യാപികയായിരുന്ന ഡോ.ജൂബിലി നവപ്രഭ ഫയൽ ചെയ്ത WP(C)No.33127/19 മേലുള്ള വിധിന്യായം -സർക്കാരിനുണ്ടാകുന്ന ബാധ്യത റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. G.O.(Rt) No.1691/2018/HEdn തീയതി 11/09/2018
2. 09/06/2019 തിയതിയിലെ D1/375/2017/ഉവിവ നമ്പർ കത്ത്
3. WP(C)No.33127/19 മേലുള്ള ബഹു.ഹൈക്കോടതിയുടെ 05/12/2019 ലെ വിധിന്യായം

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ആലപ്പുഴ എസ്.ഡി. കോളേജ് അദ്ധ്യാപികയായിരുന്ന ഡോ. ജൂബിലി നവപ്രഭ ഫയൽ ചെയ്ത WP(C)No.33127/19 ലെ ആവശ്യം (Exhibit P7) നടപ്പിലാക്കുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും, സമാനമായ ആവശ്യങ്ങൾ പരിഗണിക്കേണ്ടി വന്നാൽ ആയത് അനുവദിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന ഏകദേശ സാമ്പത്തിക ബാദ്ധ്യതയും അടിയന്തിരമായി അറിയിക്കുവാൻ താത്പര്യപ്പെടുന്നു. സൂചന(3)ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ വിഷയത്തിലുള്ള മറുപടി 29/06/2020 ന് 4 മണിക്ക് മുമ്പായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**ബാലസുബ്രഹ്മണ്യൻ വി**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.